# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇലഞ്ഞി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ.ഇ.കെ.എം(പി.9)1602/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 02/11/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇലഞ്ഞി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ.ഇ.കെ.എം(പി.9)1602/22 തീയ്യതി: 02/11/2022

## എറണാകുളം ജില്ലയിലെ ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 22-08-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 23-08-2022 | 31-08-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-08-2022 | 31-08-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

റസിയ ബീവി ജെ,ഓഡിറ്റ് ഓഫീസർ
ഹരീഷ് ബാബു എൻ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
കവിത എസ് കണ്ണൻ,സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| അഡ്വ.അന്നമ്മ ആൻഡ്രൂസ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി ബിന്ദു ആർ | സെക്രട്ടറി | 01-04-2021 | 21-10-2021 |
| ശ്രീ പരമേശ്വരൻ ഉണ്ണി എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 22-10-2021 | 31-10-2021 |
| ശ്രീമതി ബിന്ദു ആർ | സെക്രട്ടറി | 01-11-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഗായത്രി എം എൻ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ അഖിലാ രാജ് ആർ ജെ | വെറ്ററിനറി സർജൻ | 01-04-2021 | 05-06-2021 |
| ഒഴിവ് | വെറ്ററിനറി സർജൻ | 06-06-2021 | 26-07-2021 |
| ഡോ സിനു വർഗീസ് | വെറ്ററിനറി സർജൻ | 27-07-2021 | 31-03-2022 |
| ശ്രീമതി മേഴ്സി പോൾ | ഹെഡ്മിസ്ട്രസ്സ്,ഗവ.എൽ.പി.എസ് | 01-04-2021 | 31-03-2022 |
| ശ്രീ രാജേഷ് ടി | വി.ഇ.ഒ(ഇലഞ്ഞി) | 01-04-2021 | 30-05-2021 |
| ശ്രീ പ്രിയരഞ്ജൻ ആർ | വി.ഇ.ഒ(ഇലഞ്ഞി) | 31-05-2021 | 24-09-2021 |
| ശ്രീ രാജേഷ് ടി | വി.ഇ.ഒ(ഇലഞ്ഞി) | 25-09-2021 | 31-03-2022 |
| ശ്രീ രാജേഷ് ടി | വി.ഇ.ഒ(മുത്തോലപുരം) | 01-04-2021 | 30-05-2021 |
| ശ്രീ പ്രിയരഞ്ജൻ ആർ | വി.ഇ.ഒ(മുത്തോലപുരം) | 31-05-2021 | 24-09-2021 |
| ശ്രീ രാജേഷ് ടി | വി.ഇ.ഒ(മുത്തോലപുരം) | 25-09-2021 | 09-02-2022 |
| ശ്രീമതി ജിഷ പി എൻ | വി.ഇ.ഒ(മുത്തോലപുരം) | 10-02-2022 | 31-03-2022 |
| ശ്രീമതി ബിന്ദു കെ സി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ ബീന പ്രദീപ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ മോഹൻദാസ് കെ എം | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ സുമയ്യ കെ എം | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീ മനോജ്കുമാർ എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി സുജാത എസ് എൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 15-07-2021 |
| ശ്രീമതി ശ്രീദേവി എ എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16-07-2021 | 31-10-2021 |
| ശ്രീമതി ഷൈല കെ കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-11-2021 | 15-11-2021 |
| ശ്രീമതി ആശ പോൾ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16-11-2021 | 21-11-2021 |
| ശ്രീമതി ജീന ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 22-11-2021 | 31-03-2022 |
| ശ്രീമതി ബിനി പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 09-07-2021 |
| ശ്രീ അനിൽകുമാർ എം ആർ | എച്ച് സി(അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്ജ്) | 10-07-2021 | 13-07-2021 |
| ശ്രീ പരമേശ്വരൻ ഉണ്ണി എൻ | അസിസ്റ്റന്റ് സെക്രട്ടറി | 14-07-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Hareesh Babu .N (Asst. Audit Officer, On 30-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 10-10-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Kavitha S Kannan (Senior Grade Auditor, On 26-08-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 26-08-2022) | 1-2 |
| 3 | വാർഷികകണക്കിലെ അപാകതകൾ<br>Written By: Kavitha S Kannan (Senior Grade Auditor, On 31-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 10-10-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Kavitha S Kannan (Senior Grade Auditor, On 26-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 10-10-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Kavitha S Kannan (Senior Grade Auditor, On 26-08-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Kavitha S Kannan (Senior Grade Auditor, On 26-08-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 1-5 |
| 7 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: Kavitha S Kannan (Senior Grade Auditor, On 26-08-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 26-08-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Kavitha S Kannan (Senior Grade Auditor, On 26-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 10-10-2022) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Kavitha S Kannan (Senior Grade Auditor, On 29-08-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 30-08-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Hareesh Babu .N (Asst. Audit Officer, On 31-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 10-10-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Hareesh Babu .N (Asst. Audit Officer, On 30-08-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 1-10 |
| 12 | പാലിയേറ്റീവ് ഡ്രൈവർക്ക് വേതനം അനുവദിച്ചതിലെ അപാകതകൾ<br>Written By: Kavitha S Kannan (Senior Grade Auditor, On 31-08-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 1-11 |
| 13 | കെട്ടിട വാടക- കുടിശ്ശിക പൂർണമായി പിരിച്ചെടുത്തിട്ടില്ല<br>Written By: Kavitha S Kannan (Senior Grade Auditor, On 31-08-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 1-12 |
| 14 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Kavitha S Kannan (Senior Grade Auditor, On 30-08-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 1-13 |
| 15 | പ്രിന്റർ ലഭ്യമായില്ല - തുക തടസ്സപ്പെടുത്തുന്നു<br>Written By: Kavitha S Kannan (Senior Grade Auditor, On 29-08-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 1-14 |
| 16 | മരുന്ന് ലഭ്യമായില്ല- തുക തടസ്സപ്പെടുത്തുന്നു<br>Written By: Kavitha S Kannan (Senior Grade Auditor, On 29-08-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 1-15 |
| 17 | എ.ബി.സി പ്രോഗ്രാം-പദ്ധതി നടപ്പാക്കിയിട്ടില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 30-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 11-10-2022) | 1-16 |

| | | |
|---|---|---|
| 18 | കാലിത്തീറ്റ വിതരണം-അപാകത<br>Written By: Hareesh Babu .N (Asst. Audit Officer, On 30-08-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 1-17 |
| 19 | ധാതു ലവണ മിശ്രിതവും,വിരമരുന്ന് വാങ്ങലും-കൈകാര്യ ചെലവ് ലഭിച്ചിട്ടില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 30-08-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 1-18 |
| 20 | വീട് മെയിന്റനൻസ് പൂർത്തിയാക്കിയിട്ടില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 31-08-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 1-19 |
| 21 | ജാഗ്രതാസമിതി - പഞ്ചായത്ത് തുക വകയിരുത്തുന്നില്ല,മറ്റ് അപാകതകൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 31-08-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 1-20 |
| 22 | ഭിന്നശേഷിക്കാരുടെ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്<br>Written By: Hareesh Babu .N (Asst. Audit Officer, On 31-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 10-10-2022) | 1-21 |
| 23 | അങ്കണവാടി പൂരക പോഷകാഹാരം പദ്ധതികൾ : മോണിട്ടറിംഗ് ഫലപ്രദമല്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 31-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 10-10-2022) | 1-22 |
| 24 | തെരുവ് വിളക്ക് പരിപാലനം-അപാകതകൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 31-08-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 1-23 |
| 25 | ബിറ്റുമിൻ കാലി ബാരലിന്റെ വിലയും ജി.എസ്.റ്റിയും ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കുന്നു<br>Written By: Ressiya Beevi J (Audit Officer, On 30-08-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 10-10-2022) | 1-24 |
| 26 | ജീവനക്കാരുടെ ആർജിതാവധി പണമാക്കി മാറ്റിയ നടപടി - സർക്കാർ ഉത്തരവിനു വിരുദ്ധം<br>Written By: Ressiya Beevi J (Audit Officer, On 31-08-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 1-25 |
| 27 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-സർക്കാർ വിഭാവനം ചെയ്യുന്ന നിരക്കിൽ ധനസഹായം നൽകുന്നില്ല<br>Written By: Ressiya Beevi J (Audit Officer, On 31-08-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 1-26 |
| 28 | ജൈവ വളം വിതരണം ചെയ്യുതിലെ അപാകതകൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 31-08-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 1-27 |
| 29 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല(ഐ.കെ.എം)<br>Written By: Hareesh Babu .N (Asst. Audit Officer, On 31-08-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 1-28 |
| 30 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല(ജില്ലാ പഞ്ചായത്ത്)<br>Written By: Hareesh Babu .N (Asst. Audit Officer, On 31-08-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 1-28-1 |
| 31 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല(ജില്ലാ പഞ്ചായത്ത്)<br>Written By: Hareesh Babu .N (Asst. Audit Officer, On 31-08-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 1-28-2 |
| 32 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല(കേരളാ വാട്ടർ അതോറിട്ടി)<br>Written By: Hareesh Babu .N (Asst. Audit Officer, On 31-08-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 1-28-3 |

ഭാഗം **2**

--- No Records Found ---

| | | |
|---|---|---|
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Kavitha S Kannan (Senior Grade Auditor, On 26-08-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Kavitha S Kannan (Senior Grade Auditor, On 26-08-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Kavitha S Kannan (Senior Grade Auditor, On 26-08-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Kavitha S Kannan (Senior Grade Auditor, On 26-08-2022)<br>Last Updated By: Kavitha S Kannan (Senior Grade Auditor, On 26-08-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവിന്റെ വിവരം<br>Written By: Kavitha S Kannan (Senior Grade Auditor, On 26-08-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Kavitha S Kannan (Senior Grade Auditor, On 26-08-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Kavitha S Kannan (Senior Grade Auditor, On 26-08-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Kavitha S Kannan (Senior Grade Auditor, On 26-08-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Kavitha S Kannan (Senior Grade Auditor, On 26-08-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Kavitha S Kannan (Senior Grade Auditor, On 29-08-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Kavitha S Kannan (Senior Grade Auditor, On 29-08-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 15.02.2021 തീരുമാനം (1) പ്രകാരം പഞ്ചായത്ത് കമ്മറ്റി അംഗീകരിക്കുകയുണ്ടായി. തുടർന്ന് 12.02.2022 ൽ 1-ാം തീരുമാന പ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചു.

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥ കണക്ക് |
|---|---|---|
| വരവ് | 148564503.00 | 51338950.00 |
| ചെലവ് | 158808924.00 | 47912121.00 |

കൃത്യമായ ഡിമാന്റ് കണക്കാക്കാവുന്ന ഇനങ്ങൾക്കു പോലും വളരെ ഉയർന്ന വരവ് പ്രതീക്ഷിച്ചാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുത്തി ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി 12.05.2022 ന് ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. വാർഷികകണക്ക് പരിശോധനയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

### 1-2-1 വാർഷികകണക്കിലെ അപാകതകൾ

എ)വിവിധ പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്യപ്പെട്ടതിൽ ചെലവഴിക്കപ്പെടാതെ അവശേഷിച്ച തുകകൾ (യഥാക്രമം 104690/-രൂപ, 169603/-രൂപ) എക്സിക്യൂട്ടീവ് എൻജിനീയർ, KWA, മൂവാറ്റുപുഴയിൽ നിന്നും 05.11.21, 24.03.22 തീയതികളിൽ പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടുണ്ട്. വികസന ഫണ്ടിൽ നിന്നും ലഭിച്ച ഈ തുകകൾ സർക്കാർ ഹെഡിലേയ്ക്ക് തിരികെ അടവാക്കുന്നതിന് പകരം Govt & Other Dues Payable എന്ന ഹെഡിൽ (350300159) ബാധ്യതയായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.
ബി) റോഡ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് പിഴയിനത്തിൽ ലഭ്യമായ 7416/-രൂപ തനത് ഫണ്ടിൽ മുതൽക്കൂട്ടാതെ 350300199 ാം ഹെഡിൽ ബാധ്യതായിപ്പെടുത്തിയിരിക്കുന്നു.
മേൽ അപാകതകൾക്ക് വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിയ്ക്ക് (നം-14/29.08.22) മറുപടിയായി തുകകൾ ഉചിത ഹെഡുകളിലേയ്ക്ക് അടവാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. നിക്ഷേപ പ്രവൃത്തികൾക്കായി ലഭ്യമായ തുകകൾ കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് അടയ്ക്കേണ്ടതും, പിഴയിനത്തിൽ ലഭ്യമായ തുക തനത് ഫണ്ടിലേയ്ക്കും മുതൽക്കൂട്ടേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

### 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | | 12043958.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : | 51338950.00 |
| ആകെ | | 63382908.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | 47912121.00 |
| നീക്കിയിരിപ്പ് | | 15470787.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 852651.00 |

### 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് /ലാപ്സായതുക |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | 0 | 10205866 | 10205866 | 9487200* | 718666 |
| വികസനഫണ്ട്-എസ്.സി.പി | 0 | 1747038 | 1747038 | 1635000 | 112038 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -Untied** | 0 | 3145489 | 3145489 | 2358301** | 787188 |

| | | | | | |
|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) *** | 0 | 7413066 | 7413066 | 4629091*** | 2783975 |
| മെയിന്റനൻസ്, റോഡ് | 0 | 16086000 | 16086000 | 5808751 | 10277249 |
| മെയിന്റനൻസ് - റോഡിതരം | 0 | 4870979 | 4870979 | 2226864 | 2644115 |
| ഐ.സി.ഡി.എസ് | 348776 | 474201 | 822977 | 572708 | 250269 |
| ശുചിത്വമിഷൻ | 1435066 | 130000 | 1565066 | 1342171 | 222895 |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് | 272800 | 0 | 272800 | 0 | 272800 |
| വിമുക്തി (320300199) | 28000 | 11073 | 39073 | 7680 | 31393 |
| മറ്റ് കേന്ദ്രഗ്രാന്റ് (അങ്കണവാടികൾക്ക് ബോർഡ്) (320100199) | 48000 | 0 | 48000 | 37600 | 10400 |
| ആശ്രയ (320200305) | 0 | 1333333 | 1333333 | 0 | 1333333 |

*ജി.ഒ പ്രോജക്ട്-1140800/-രൂ
1)168/22, 190/22: 440000/-രൂപ .ലൈഫ് മിഷൻ വായ്പ
2) 164/22, 165/22, 195/22 :700800/-രൂപ (233600x3) (അങ്കണവാടിജീവനക്കാരുടെ പ്രതിഫലമിനത്തിൽ ഈടാക്കുന്ന തുക)
**ധനകാര്യകമ്മീഷൻ ഗ്രാന്റ് -Untied
1470409(I-6)+380000(I-6,സി.എഫ്.സി ഗ്രാന്റ്)+507892(ക്യാപിറ്റൽ കോൺട്രിബ്യൂഷൻ-ഹെഡ്-312100101)
***ധനകാര്യകമ്മീഷൻ ഗ്രാന്റ് -Tied
1076249(I-6)+3502842(I-6, പെർഫോമൻസ് ഗ്രാന്റ്)+50000(അഡ്വാൻസ് ഹെഡ്-460500201-വാട്ടർ അതോറിറ്റി) ധനകാര്യ കമ്മീഷൻ ഗ്രാന്റുകളുടെ അക്കൗണ്ട് നീക്കിയിരിപ്പ്(RP 40b)ഗ്രാന്റ് വിനിയോഗ പത്രിക പ്രകാരമുള്ള നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 145 | 79551368 | 122 | 32271924 | 0 | 23 | 84.14% |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 8991 | 880159 | 889150 | 888949 | 201 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 20338830 | 20338830 | 20338830 | 0 |
| ആകെ | 8991 | 21218989 | 21227980 | 21227779 | 201 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4187200 | 252 |
| വിധവാപെൻഷൻ | 8429800 | 538 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 21848200 | 1541 |
| വികലാംഗപെൻഷൻ | 2919300 | 188 |
| വിവാഹധനസഹായം | 240000 | 8 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 846400 | 57 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.08.2022 ഉച്ചകഴിഞ്ഞ് 3.00 മണിക്ക് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 27621/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ പൊതുജീവിതത്തെ സ്വാധീനിക്കുന്ന ക്ഷേമ ചുമതലകളും സാമ്പത്തിക വികസന പ്രവർത്തനങ്ങളും ജനപങ്കാളിത്തത്തോടെ നിർവ്വഹണം നടത്തുന്ന ഭരണ സംവിധാനമെന്ന നിലയിൽ പ്രവർത്തിക്കുന്നതിന് സഹായകമായ മികച്ച അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ ഫ്രണ്ട് ഓഫീസ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിന്റെ വരുമാനങ്ങൾ, ചെലവുകൾ, ബാദ്ധ്യതകൾ, ആസ്തികൾ എന്നിവ ഉൾപ്പെടുന്നതും സാമ്പത്തിക വർഷത്തെ ധനപരവും പ്രവർത്തനപരവുമായ ലക്ഷ്യങ്ങൾ വ്യക്തമാക്കുന്നതുമായ ബജറ്റ് അവതരിപ്പിക്കുകയും ചെലവുകൾക്ക് ബജറ്ററി നിയന്ത്രണം വരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബജറ്റ് പ്രകാരമുള്ള ചെലവുകളെ വാർഷിക പദ്ധതി പ്രകാരമുള്ള ചെലവുകളുമായി സംയോജിപ്പിച്ച് ധനകാര്യ റിപ്പോർട്ടിംഗിൽ സ്ഥാപനതല നിയന്ത്രണം സാധ്യമാക്കിയിട്ടില്ല.

ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവചിക്കുകയും ഓഫീസ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയിട്ടുണ്ട്. തൻവർഷം ലഭിച്ച സർക്കാർ ഗ്രാന്റുകൾ, സംയുക്ത പ്രോജക്ടുകൾക്കായും പ്രത്യേക ഉദ്ദേശങ്ങൾക്കായും ലഭിച്ച ഫണ്ടുകളുടെ നീക്കിയിരിപ്പ് തുടങ്ങിയവയുടെ കൃത്യമായ കണക്കുകൾ അക്കൗണ്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഭരണകർത്താക്കളാൽ പ്രാവർത്തികമാക്കപ്പെടേണ്ട ചുവടെ ചേർക്കുന്ന മേഖലകളിലെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ദുർബലമായതിനാൽ നടപടിക്രമങ്ങളിലും പദ്ധതി നിർവ്വഹണത്തിലും പിഴവുണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു.

ഓരോ മാസത്തേയും റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റുകൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കണമെന്ന കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.
സാമ്പത്തിക വികസനവും സാമൂഹിക നീതിയും ലക്ഷ്യമാക്കി പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണത്തിന്റെയും വിഭവ വിനിയോഗത്തിന്റെയും ഫലപ്രാപ്തി ഉറപ്പാക്കുവാൻ കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കുവാനും അപ്രകാരമുള്ള നിയന്ത്രണങ്ങൾ നിരന്തരം അവലോകനം ചെയ്ത് ഉചിതമായി പരിഷ്കരിക്കുവാനും ഭരണ നിർവ്വഹണാധികാരികൾ ശ്രദ്ധിക്കണം.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.12.2021 | ഒക്ടോബർ 2020 മുതൽ ഡിസംബർ 2021 വരെ | 28.04.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.06.2009 മുതൽ 06.07.2009 വരെ | 2004- 05 മുതൽ 2008-09 വരെ | 14.08.2009 |

## 1-11 പാലിയേറ്റീവ് ഡ്രൈവർക്ക് വേതനം അനുവദിച്ചതിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം, പേര് | 68/22, കിടപ്പിലായ രോഗികൾക്ക് വീട്ടിൽ ചെന്നുള്ള പരിചരണം, തുടർ ചികിത്സ |
| അടങ്കൽ | 500000/- (വികസനഫണ്ട്) |
| ചെലവ് | 500000/-<br>1) 42108/-, 1/21-22, 27.05.21 |

| | |
|---|---|
| | 2) 30162/-, 4/21-22, 10.06.21<br>3) 31670/-, 8/21-22, 12.07.21<br>4) 45510/-, 11/21-22, 09.08.21<br>5) 47488/-, 14/21-22, 10.09.21<br>6) 48781/-, 19/21-22, 13.10.21<br>7) 44908/-, 27/21-22, 17.11.21<br>8) 41513/-, 29/21-22,15.12.21<br>9) 42611/-, 33/21-22,18.01.22<br>10)34420/-, 36/21-22,10.02.22<br>11)35410/-, 42/21-22, 09.03.22<br>12)55419/-, 47/21-22, 23.03.22 |

2021 ഒക്ടോബർ, നവംബർ മാസങ്ങളിൽ പാലിയേറ്റീവ് വാഹനഡ്രൈവറുടെ (KL-17-M-193) വേതനം അനുവദിച്ചത് ഹോംകെയർ റിപ്പോർട്ടുമായി പൊരുത്തപ്പെടുന്നില്ല. അധിക വിവരങ്ങൾ താഴെ ചേർക്കുന്നു.

ഒക്ടോബർ-2022

| | |
|---|---|
| ഹോംകെയർ റിപ്പോർട്ട് പ്രകാരം ഡ്രൈവർ ഡ്യൂട്ടി ചെയ്ത ദിനങ്ങൾ | 17 Days<br>1/10/21, 4/10/21, 5/10/21, 6/10/21, 7/10/21, 11/10/21, 12/10/21, 13/10/21, 16/10/21, 18/10/21, 20/10/21, 21/10/21, 23/10/21, 25/10/21, 26/10/21, 27/10/21, 29/10/21, |
| വേതനം അനുവദിച്ച ദിനങ്ങൾ, തുക | 23 Days<br>16790/- (@730/-)<br>(27/21-22, 17.11.21) |

നവംബർ-2022

| | |
|---|---|
| ഹോംകെയർ റിപ്പോർട്ട് പ്രകാരം ഡ്രൈവർ ഡ്യൂട്ടി ചെയ്ത ദിനങ്ങൾ | 8 Days<br>1/11/21, 2/11/21, 3/11/21, 9/11/21,<br>10/10/21, 11/11/21, 15/11/21, 24/11/21 |
| വേതനം അനുവദിച്ച ദിനങ്ങൾ, തുക | 16 Days<br>11680/-(@730/-)<br>29/21-22, 15.12.21 |

ഡ്യൂട്ടി ചെയ്ത ദിവസങ്ങളും യാത്ര പോയ സ്ഥലങ്ങളുടെ വിവരങ്ങളും രേഖപ്പെടുത്തി മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുള്ള വാഹനത്തിന്റെ ട്രിപ്പ് ഷീറ്റുകൾ ഫയലിൽ ഉൾക്കൊള്ളിച്ചിട്ടില്ല. ആയതിനാൽ ഹോംകെയർ റിപ്പോർട്ടിൽ പാലിയേറ്റീവ് നഴ്സ് രേഖപ്പെടുത്തിയ വിവരങ്ങൾ അടിസ്ഥാനപ്പെടുത്തിയാണ് ഡ്രൈവറുടെ ഡ്യൂട്ടി ദിനങ്ങൾ കണക്കാക്കിയിട്ടുള്ളത്. മേൽ അപാകത വിശദീകരിക്കുവാനും ആയത് പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കുവാനുമാവശ്യപ്പെട്ടുള്ള എൻക്വയറിയ്ക്ക് (നം-4/27.08.22) മതിയായ രേഖകൾ ഹാജരാക്കുന്നതാണെന്ന് മറുപടി നൽകി. ഒക്ടോബർ നവംബർ മാസങ്ങളിൽ മേൽ പ്രകാരം 14 ദിവസങ്ങളിലായി വേതനം അനുവദിച്ചതിനെ സാധൂകരിക്കുന്ന രേഖകൾ (വാഹനത്തിന്റെ ലോഗ് ബുക്കും ട്രിപ്പ് ഷീറ്റും) ഹാജരാക്കുന്നത് വരെ വേതനമിനത്തിൽ അധികം അനുവദിച്ച 10220/-രൂപ (6 Days@730+8 Days@730) തടസ്സപ്പെടുത്തുന്നു.

1-12 കെട്ടിട വാടക- കുടിശ്ശിക പൂർണമായി പിരിച്ചെടുത്തിട്ടില്ല

വാർഷികകണക്കുകൾ പ്രകാരം (ഷെഡ്യൂൾ ബി-15) തൻവർഷത്തെ വാടകയിനത്തിൽ 29162/-രൂപയും കുടിശ്ശികയിനത്തിൽ 243229/-രൂപയും ഉൾപ്പെടെ ആകെ 272391/-രൂപ 2021-22 വർഷം പിരിഞ്ഞുകിട്ടേണ്ടതായുണ്ട്. കുടിശ്ശികയുടെ വിവരങ്ങൾ താഴെച്ചേർക്കുന്നു.

എ)വാടക കുടിശ്ശിക (Arrear)

| ക്രമ നമ്പർ | വാടകക്കെടുത്ത വ്യക്തിയുടെ പേര് | വാടക കുടിശ്ശിക (GST,സെസ്സ് കൂടാതെ) |
|---|---|---|
| 1 | മെഴ്സി പൊന്നപ്പൻ | 25941 |
| 2 | മെഴ്സി പൊന്നപ്പൻ | 27792 |
| 3 | വാസു, കിടശ്ശേരിൽ | 25600 |
| 4 | രവികുമാർ പാലത്തിങ്കൽ | 149448 |

| | | |
|---|---|---|
| 5 | ഷെറി പോൾ | 5040 |
| 6 | ഷെറി പോൾ | 9408 |
| | ആകെ | 243229 |

ബി)വാടക കുടിശ്ശിക (Current)

| ക്രമ നമ്പർ | വാടകക്കെടുത്ത വ്യക്തിയുടെ പേര് | വാടക കുടിശ്ശിക (GST , സെസ്സ് കൂടാതെ) |
|---|---|---|
| 1 | ഷെറി പോൾ | 6482 |
| 2 | വാസു, കിടങ്ങേരിൽ | 22680 |
| | ആകെ | 29162 |

മേൽ പരാമർശിച്ചവരിൽ നിന്ന് വാടക ഈടാക്കാത്തതിനും കുടിശ്ശിക തുകകളുടെ വിശദാംശങ്ങളും (കടമുറി നം, പ്രതിമാസ വാടക/കാലയളവ്, കുടിശ്ശികയായ കാലയളവ്/തുക എന്നീ ക്രമത്തിൽ) ആയത് ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരങ്ങളും നിലവിൽ മേൽ കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിൽ ടി വിവരങ്ങളും ഒഴിഞ്ഞു കിടക്കുകയാണെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.-8,തീ.27.08.22) മറുപടി ലഭ്യമാക്കിയില്ല. എൻക്വയറി മുഖേന ആവശ്യപ്പെട്ട വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും വാടക ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതുമാണ്.

## 1-13 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 204 പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിക്ക് വിധേയനാകും. അതിൻ പ്രകാരം ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. എന്നാൽ 2021-2022 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ ചുവടെ കൊടുത്തിരിക്കുന്ന സ്വകാര്യസ്ഥാപനങ്ങളിലെ (പട്ടിക-എ) ജീവനക്കാരുടെ തൊഴിൽ നികുതിയും (രണ്ട് അർദ്ധ വർഷങ്ങളിലേയും) ഇലഞ്ഞി പി.എച്ച്.സി യിൽ കരാർ അടിസ്ഥാനത്തിൽ നിയമിതരായ ജീവനക്കാരുടെ നികുതിയും (പട്ടിക-ബി) ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ഇപ്രകാരമാണ്.

എ)

| ക്രമ നം. | ലൈസൻസ് നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 3/21-22 | ലക്ഷ്വറി സാൻഡ് കേരള (ക്രഷർ) | 12 |
| 2 | 4/21-22 | അസോസിയേറ്റഡ് അഗ്രിഗേറ്റ്സ് (ക്വാറി) | 10 |
| 3 | 8/21-22 | ന്യൂ-വിൻകോ കോർപ്പറേഷൻ | 25 |
| 4 | 52/21-22 | ഇ.ജെ.ജെ ഇൻഡ്യ ഓയിൽ മിൽസ് | 9 |
| 5 | 91/21-22 | ഗാലക്സി അലുമിനിയം ഇൻഡസ്ട്രീസ് | 50 |

ബി)

| ക്രമ നം. | പ്രോജക്ട് നം. | ജീവനക്കാരന്റെ /ജീവനക്കാരിയുടെ പേര് | നിയമിച്ച കാലയളവ്, കൈപ്പറ്റിയ വേതനം | നികുതി ബാധകമായ കാലയളവ് |
|---|---|---|---|---|
| 1 | 177/22, ആർദ്രം പി.എച്ച്.സി ഇലഞ്ഞി-ഫാർമസിസ്റ്റിന്റെ അധിക വേതനം | ധന്യമോൾ.ടി.വി | ജനുവരി2022- മാർച്ച് 2022, തുക- 66600/- | 2021-22 രണ്ടാം അർദ്ധവർഷം |
| 2 | 154/22, ആർദ്രം പി.എച്ച്.സി ഇലഞ്ഞി-അധിക ഡോക്ടറുടെ വേതനം | ജിൻസ് ജോയി | ഏപ്രിൽ 2021- ഒക്ടോബർ 2021, തുക- 350000/- | 2021-22 ഒന്നാം അർദ്ധവർഷം |
| 3 | 98/22, കോവിഡ് പ്രതിരോധ പ്രവർത്തനത്തിനാവശ്യമായ മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ 92/22, കോവിഡ് നിർമാർജന പ്രവർത്തനങ്ങളും | സലോമി.കെ.സി | 1)ഏപ്രിൽ 2021- ഒക്ടോബർ 2021,തുക- 82295/-, 2)നവംബർ 2021- ഫെബ്രുവരി | 2021-22 രണ്ട് അർദ്ധവർഷവും |

| | | | | |
|---|---|---|---|---|
| | ടെസ്റ്റിനാവശ്യമായ സാധനങ്ങൾ വാങ്ങലും | | 2022, തുക-68705/- | |

വിശദീകരണമാവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടിയായി (3/27.08.22) സൂചിത ജീവനക്കാരിൽ നിന്നും തുക ഈടാക്കി റിപ്പോർട്ട് ചെയ്യുന്നതാണെന്ന് അറിയിച്ചു. പരാമർശത്തിൽ ഉൾപ്പെട്ടിട്ടുള്ള മുഴുവൻ ജീവനക്കാരിൽ നിന്നും അവരുടെ അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

1-14 പ്രിന്റർ ലഭ്യമായില്ല - തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | 178/22,<br>ഇലഞ്ഞി പി.എച്ച്.സി യിലേയ്ക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ |
| അടങ്കൽ | 60000/-<br>മെയിന്റനൻസ് ഫണ്ട് നോൺ റോഡ് |
| ചെലവ് | 59815/-<br>(ബിൽ.നം-41/21-22, തീയതി- 04/03/22) |

ഇലഞ്ഞി പി.എച്ച്.സി.യിലേയ്ക്ക് കമ്പ്യൂട്ടറും മൾട്ടി ഫംഗ്ഷൻ പ്രിന്ററും വാങ്ങുന്നതിനായി ആവിഷ്ക്കരിച്ചതാണ് മേൽ പ്രോജക്റ്റ്. കമ്പ്യൂട്ടർ ലഭ്യമായെങ്കിലും ഇതുവരെ പ്രിന്റർ ലഭ്യമായിട്ടില്ല. 21/02/22 തീയതിയിലെ ITBG/PI/RC/35359-ാം നമ്പർ പ്രോഫോർമ ഇൻവോയ്സ് പ്രകാരം 20018/-രൂപയാണ് പ്രിന്റർ വാങ്ങുന്നതിനായി കെൽട്രോണിന് മുൻകൂറായി നൽകിയത്. എന്നാൽ നാളിതുവരെയും പ്രിന്റർ ലഭ്യമാകാത്തതിനാൽ തുക മടക്കി നൽകണമെന്നറിയിച്ച് കെൽട്രോണിന് റീഫണ്ട് ലെറ്റർ (തീയതി-15.03.22) അയച്ചതായി ഫയലിൽ രേഖപ്പെടുത്തിയിരുന്നതിനാൽ തുക തിരികെ ലഭ്യമായിട്ടുണ്ടോയെന്നറിയിക്കുവാൻ ആവശ്യപ്പെട്ട് എൻക്വയറി (നം-4/27.08.22) നൽകിയതിന് ലഭ്യമായിട്ടില്ലായെന്നറിയിച്ചു. പ്രിന്റർ ലഭ്യമാകാത്ത സാഹചര്യത്തിൽ ആയതിന് വേണ്ടി ചെലവഴിച്ച തുക കെൽട്രോണിൽ നിന്നും തിരികെ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അത് വരേയ്ക്കും ടി വാങ്ങലിനായി ചെലവഴിച്ച 20018/-രൂപ തടസ്സപ്പെടുത്തുന്നു.

1-15 മരുന്ന് ലഭ്യമായില്ല- തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് | 62/22,<br>ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ |
| നിർവഹണം | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| അടങ്കൽ | 200000/-<br>(മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) |
| ചെലവ് | 200000/-<br>ബിൽ.നം-8/21-22, തീയതി-18/01/2022 |

ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനായി പ്രോഫോർമ.നം- PF-1125 പ്രകാരം 28.12.21തീയതിയിൽ 2 ലക്ഷം രൂപ മുൻകൂറായി ഹോംകോയ്ക്ക് നൽകിയിരുന്നു. എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം-5/27.08.22) മറുപടിയായി എൻകാഷ്മെന്റ് മാനദണ്ഡമാക്കിയുള്ള മുൻഗണന പട്ടികയനുസരിച്ചാണ് ഹോംകോ മരുന്ന് വിതരണം ചെയ്യുന്നതെന്നും സ്റ്റാറ്റസ് അനുസരിച്ച് ഇലഞ്ഞി ഹോമിയോ ഡിസ്പെൻസറി 864 ാം സ്ഥാനത്തുമാണെന്നും അറിയിച്ചു. ഹോംകോയിൽ നിന്നും മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

1-16 എ.ബി.സി പ്രോഗ്രാം-പദ്ധതി നടപ്പാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ തെരുവ് നായ പ്രശ്നം അതിരൂക്ഷമാണ്. എന്നാൽ പ്രശ്നം പരിഹരിക്കുന്നതിന് എ.ബി.സി പദ്ധതി നടപ്പാക്കുന്നില്ല. ഭാരതീയ മൃഗക്ഷേമ ബോർഡിന്റെ അംഗീകാരം ഇല്ലാത്തതിനാലും ആവശ്യമായ പരിശീലനം ലഭിച്ചിട്ടില്ലാത്തതിനാലും, ബഹു.ഹൈക്കോടതിയുടെ 17.12.2021 ലെ WP(C) 13204/2021 നമ്പർ വിധി അനുസരിച്ചും,മൃഗ സംരക്ഷണ വകുപ്പിന്റെ 27.12.2021ലെ ജി.ഒ(ആർ.ടി)474/21/എച്ച്.ഡി നമ്പർ ഉത്തരവ് പ്രകാരവും അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാമിന്റെ നടത്തിപ്പിൽ നിന്നും കുടുംബശ്രീ യൂണിറ്റുകളെ കേരള മൃഗസംരക്ഷണ ബോർഡ് വിലക്കിയിട്ടുണ്ട്. 14.02.2018 ലെ സ.ഉ(കൈ) 22/2018 ത.സ്വ.ഭ.വ സബ്സിഡി മാർഗ്ഗരേഖ പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങൾ വഴി നേരിട്ടും സന്നദ്ധസംഘടനകൾ വഴിയും പദ്ധതി നടപ്പാക്കാവുന്നതാണ്. എന്നാൽ ഈ സാദ്ധ്യത പരിഗണിച്ച് കൊണ്ടുള്ള പദ്ധതി ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ തെരുവ് നായ പ്രശ്നം പരിഹരിക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.06/26.08.22) മുഖേന

ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ തൻ വർഷം ഫണ്ട് ലഭിക്കാതിരുന്നത് കാരണമാണ് പദ്ധതി നടപ്പാക്കാതിരുന്നത് എന്ന് വ്യക്തമാക്കുകയുണ്ടായി. എ.ബി.സി പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-17 കാലിത്തീറ്റ വിതരണം-അപാകത

| പദ്ധതിയുടെ പേരും നമ്പരും | വകയിരുത്തിയ തുക | ചെലവ്(ചെക്ക് നം,ബിൽ നം/തീയതി) |
|---|---|---|
| കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം, 169/22 | വികസന ഫണ്ട്-3,50,000<br>ഗുണഭോക്തൃ വിഹിതം-3,50,000<br>തനത് ഫണ്ട്-640 | 1)247860/-,06/21-22,27.01.2022<br>2)247860/-,3242962,20.01.2022<br>3)247860/-,5384639,01.02.2022<br>4)37665/-,13/21-22,04.03.2022<br>5)40702/-,3242967,28.02.2022<br>6)64117/-,15/21-22,17.03.2022 |

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി 408 ഗുണഭോക്താക്കൾക്ക് അഞ്ച് മാസത്തേക്ക് (പ്രതിമാസം100 കിലോ) കാലിത്തീറ്റ നൽകുന്നതിനായി ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ട്. അതനുസരിച്ച് കേരള ഫീഡ്സ്, കല്ലേറ്റുംകര, തൃശ്ശൂർ എന്ന സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്നുമാണ് കാലിത്തീറ്റ വാങ്ങി നൽകിയിട്ടുള്ളത്. ആദ്യ ഘട്ടമായി 50കിലോ വരുന്ന 408 ചാക്ക് മിട്ടുക്കി കാലിത്തീറ്റ വാങ്ങി ക്ഷീര കർഷകർക്ക് നൽകിയിട്ടുണ്ട്. കേരള ഫീഡ്സുമായി ഗ്രാമപഞ്ചായത്ത് ചമച്ച കരാറിലെ ക്രമ നം.9 ഖണ്ഡിക പ്രകാരം കാലിത്തീറ്റ ചാക്കുകൾ കൈകാര്യം ചെയ്യുതിനുള്ള ചെലവായി ഓരോ ചാക്കിനും 30/-വീതം വെറ്ററിനറി സർജന് നൽകുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ കൈകാര്യ ചെലവായി 12240/-രൂപ(408x30) ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല. ആയത് വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.07/26.08.22)മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ കൈകാര്യ ചെലവ് ലഭിക്കുന്നതിനായി കേരള ഫീഡ്സിലേക്ക് അപേക്ഷ അയയ്ക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി. കൈകാര്യ ചെലവായി 12240/-രൂപ ലഭിച്ചതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-18 ധാതു ലവണ മിശ്രിതവും,വിരമരുന്ന് വാങ്ങലും-കൈകാര്യ ചെലവ് ലഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് | ധാതു ലവണ മിശ്രിതവും, വിരമരുന്ന് വാങ്ങലും, 54/22 |
| നിർവ്വഹണം | വെറ്ററിനറി സർജൻ |
| അടങ്കൽ തുക | മെയിന്റനൻസ് ഗ്രാന്റ്(നോൺ റോഡ്)-1,00,000/- |
| ചെലവ്(ബിൽ നം/തീയതി) | 90,000/-, 05/21-22, 27.01.22 |

ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 05.02.22 ലെ 1(3)-ാം നമ്പർ തീരുമാന പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ 91 ഗുണഭോക്താക്കളുടെ പശുക്കൾക്ക് 2021-22 സാമ്പത്തിക വർഷം ധാതു ലവണ മിശ്രിതവും,വിരമരുന്ന് വാങ്ങുന്നതിനുമായി ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ട്. അതനുസരിച്ച് ഒരു കിലോഗ്രാം ധാതു ലവണ മിശ്രിതത്തിന് 100/-രൂപ വീതം നൽകി കേരള ഫീഡ്സ്, കല്ലേറ്റുംകര, തൃശ്ശൂർ എന്ന സർക്കാർ അംഗീകൃത സ്ഥാപനത്തിൽ വാങ്ങുന്നതിന് തീരുമാനിച്ചു. അത് പ്രകാരം 90,000/-രൂപ കേരള ഫീഡ്സിന് നൽകുകയും 900 കിലോഗ്രാം ധാതു ലവണ മിശ്രിതം ലഭിക്കുകയും ചെയ്തിട്ടുണ്ട്. കേരള ഫീഡ്സുമായി ഗ്രാമപഞ്ചായത്ത് ചമച്ച കരാറിലെ ക്രമ നം.9 ഖണ്ഡിക പ്രകാരം കാലിത്തീറ്റ ചാക്കുകൾ കൈകാര്യം ചെയ്യുതിനുള്ള ചെലവായി ഓരോ ചാക്കിനും 10/-രൂപ വീതം വെറ്ററിനറി സർജന് നൽകുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ കൈകാര്യ ചെലവ് വെറ്ററിനറി സർജന് ലഭിച്ചിട്ടില്ല 9,000/-രൂപ(900x10). ആയത് വിശദീകരിക്കുന്നതിനായി ഓഡിറ്റ് എൻക്വയറി(നം.09/28.08.22)മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ കൈകാര്യ ചെലവിനത്തിൽ ലഭിക്കുവാനുള്ള തുക ലഭിക്കുന്നതിനായി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി. തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-19 വീട് മെയിന്റനൻസ് പൂർത്തിയാക്കിയിട്ടില്ല

1)

| | |
|---|---|
| പ്രോജക്ട് | വീട് മെയിന്റനൻസ്(ജനറൽ),41/22 |

| | |
|---|---|
| അടങ്കൽ | 7,80,000/-(വികസന ഫണ്ട്- ജനറൽ)<br>5,85,000/-(ബ്ലോക്ക് വിഹിതം)<br>5,85,000/-(ജില്ലാ പഞ്ചായത്ത് വിഹിതം)<br>ആകെ-19,50,000 |
| നിർവ്വഹണം | വി.ഇ.ഒ,ഇലഞ്ഞി |
| ചെലവ് | 7,63,730/-രൂപ |

ഈ പദ്ധതി പ്രകാരം വീട് മെയിന്റനൻസിന് അഡ്വാൻസ് ആയി 15,000/-രൂപ കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താവ് നാളിതുവരെ പണി പൂർത്തീകരിച്ച് രണ്ടാം ഗഡുവായ 15,000/-രൂപ കൈപ്പറ്റിയിട്ടില്ല.

| പേര് | തുക നൽകിയ വിവരം |
|---|---|
| കുമാരി ജോസഫ്,നാരകത്തുംപറമ്പിൽ,<br>മുത്തോലപുരം,നെല്ലൂർപാറ (വാർഡ്-3) | ബിൽ നമ്പർ 25/26.12.21 |

2)

| | |
|---|---|
| പ്രോജക്ട് | വീട് മെയിന്റനൻസ്(എസ്.സി),78/22 |
| അടങ്കൽ | 6,50,000/-(വികസന ഫണ്ട്- എസ്.സി) |
| നിർവ്വഹണം | വി.ഇ.ഒ,ഇലഞ്ഞി |
| ചെലവ് | 6,01,994/-രൂപ |

ഈ പദ്ധതി പ്രകാരം വീട് മെയിന്റനൻസിന് അഡ്വാൻസ് ആയി 25,000/-രൂപ കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താവ് നാളിതുവരെ പണി പൂർത്തീകരിച്ച് രണ്ടാം ഗഡുവായ 50,000/-രൂപ കൈപ്പറ്റിയിട്ടില്ല.

| പേര് | തുക നൽകിയ വിവരം |
|---|---|
| രാഹുൽ കെ ആർ,<br>കേളാംകുളം, ഇലഞ്ഞി,ആലപുരം | ബിൽ നമ്പർ 56/01.02.22 |

മേൽ ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ കാരണം വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.15/29.08.22)മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ വീട് പുനരുദ്ധാരണം പൂർത്തീകരിക്കുന്നതാണെന്ന് അറിയിച്ചു. വീട്, നിർമ്മാണം പൂർത്തിയാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്തപക്ഷം നൽകിയ തുക പിഴപലിശ സഹിതം ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-20 ജാഗ്രതാസമിതി - പഞ്ചായത്ത് തുക വകയിരുത്തുന്നില്ല,മറ്റ് അപാകതകൾ

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 164 എ(5) വകുപ്പ് പ്രകാരം വാർഡുതല ജാഗ്രതാ സമിതിയുടെയും ഗ്രാമപ്പഞ്ചായത്തുതല ജാഗ്രതാസമിതിയുടെ യോഗങ്ങൾ എല്ലാ മാസവും കുറഞ്ഞത് ഒരു തവണയെങ്കിലും വിളിച്ചു കൂട്ടേണ്ടതും രണ്ട് യോഗങ്ങൾ തമ്മിലുള്ള ഇടവേള 30 ദിവസത്തിൽ കവിയാൻ പാടില്ലാത്തതുമാണ്. എന്നാൽ പഞ്ചായത്തിലെ ജാഗ്രതാസമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. പദ്ധതിക്കുവേണ്ടി തുകയൊന്നും തന്നെ വകയിരുത്തുന്നില്ല. 12 ഗ്രാമപ്പഞ്ചായത്തു തല യോഗങ്ങൾ നടക്കേണ്ടിയിരുന്നിടത്ത് നാലു യോഗം മാത്രമെ നടന്നിട്ടുള്ളു. പദ്ധതി മാർഗരേഖ പ്രകാരം ജാഗ്രതാസമിതി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനു വേണ്ടി പഞ്ചായത്ത് പരിധിയിൽ വരുന്ന എം.എസ്.ഡബ്ല്യു. യോഗ്യതയുള്ള ഒരു വനിതയെ ജാഗ്രതാസമിതി ഫെസിലിറ്റേറ്ററായി പ്രതിമാസം 10000/-രൂപ ഹോണറേറിയം നൽകി തിരഞ്ഞെടുക്കാവുന്നതാണ്. എന്നാൽ പഞ്ചായത്ത് അപ്രകാരം നടപടി സ്വീകരിച്ചിട്ടില്ല. ജാഗ്രതാസമിതിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതും പദ്ധതിക്ക് മതിയായ തുക വകയിരുത്താതിരുന്നതും ശരിയായ നടപടിയല്ല. നിയമം അനുശാസിക്കുംപടി ജാഗ്രതാസമിതി യോഗങ്ങൾ സംഘടിപ്പിക്കുവാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളാതിരുന്നതും അപാകതയാണ്. മേൽ കാര്യങ്ങൾക്ക് ഉചിതമായ വിശദീകരണം നൽകുവാൻ ഓഡിറ്റ് എൻക്വയറി(നം.16/29.08.22)മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ ജാഗ്രതാ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ സഹകരണത്തോടെ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

## 1-21 ഭിന്നശേഷിക്കാരുടെ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്

വികലാംഗർക്കായി സ്കോളർഷിപ്പ്(പ്രോജക്ട് നം.58/22,ചെലവ് തുക-10,44,100/-), സഹായ ഉപകരണങ്ങൾ നൽകൽ(പ്രോജക്ട് നം.59/22,ചെലവ് തുക-3,02,798/-)എന്നീ പ്രോജക്ടുകൾ മുഖേന തൻവർഷം 13,46,898/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഫയൽ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.പ്രോജക്ട്.നം 59/22 പ്രകാരം 3,02,798/-രൂപ ചെലവഴിച്ച് വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്നും ഉപകരണങ്ങൾ വാങ്ങിയത് മെഡിക്കൽ ക്യാമ്പ് നടത്തി ഭിന്നശേഷിക്കാർക്ക് വിതരണം ചെയ്തിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ (22/2018/14.02.2018) ഖ.7.1.3 പ്രകാരം ആവശ്യകത നിർണ്ണയിക്കാൻ മെഡിക്കൽ ക്യാമ്പ് നടത്തിയതിന്റെ രേഖകൾ പൂർണ്ണമാക്കി സൂക്ഷിച്ചിട്ടില്ല. സ്റ്റോക്ക്/വിതരണ രജിസ്റ്റർ ഉപകരണങ്ങൾ ആവർത്തിച്ച് നൽകാൻ പാടില്ലെന്ന മാർഗ്ഗരേഖാനിർദ്ദേശം പാലിക്കത്തക്ക രീതിയിലല്ല തയ്യാറാക്കിയിരിക്കുന്നത്. പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മറ്റ് പല ഏജൻസികളും വർഷങ്ങളായി ഉപകരണങ്ങൾ നൽകിക്കൊണ്ടിരിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ഉപകരണം ഉള്ളവർക്കു തന്നെ അതേ ഉപകരണം വീണ്ടും നൽകാതിരിക്കാൻ വേണ്ട കർശന മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. ഭിന്നശേഷിക്കാരുടെ പ്രോജക്ട് നിർവ്വഹണത്തിനായി പ്രത്യേക ഗുണഭോക്തൃ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2.വാർഷിക പദ്ധതി മാർഗ്ഗരേഖയിൽ ഭിന്നശേഷിക്കാരായ കുട്ടികളുടെ ഒരു ഡാറ്റാ ബേസ് തയ്യാറാക്കാനും സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടെ കാലികമാക്കി സൂക്ഷിക്കാനും നിർദ്ദേശമുണ്ട്. 17.08.16ലെ 2465/2016/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലും ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടേയും വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ സൂക്ഷിക്കാൻ നിർദ്ദേശമുണ്ട്. ഭിന്നശേഷിക്കാരുടെ ഡാറ്റാബേസ് സൂക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും പഞ്ചായത്ത് തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച അപാകതകൾ വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.17/29.08.22)മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 അങ്കണവാടി പൂരക പോഷകാഹാരം പദ്ധതികൾ : മോണിട്ടറിംഗ് ഫലപ്രദമല്ല

2021-22 വർഷത്തിൽ അങ്കണവാടി പൂരക പോഷകാഹാരം പദ്ധതിയുടെ (പ്രോജക്ട് നം.47/22) ഭാഗമായി പഞ്ചായത്തിലെ അങ്കണവാടികൾ മുഖേന മൂന്നു വയസ്സുവരെയുള്ള കുട്ടികൾക്ക് ന്യൂട്രിമിക്സ് വിതരണം ചെയ്യുന്നതിനും അങ്കണവാടികളിലെ മൂന്നു വയസ്സു മുതൽ ആറു വയസ്സു വരെയുള്ള കുട്ടികൾക്ക് പോഷകാഹാരം നൽകിയതിനുമായി 8,72,708/- രൂപ ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി രൂപീകരണത്തിലും മോണിട്ടറിംഗിലും നിർണ്ണായക പങ്ക് വഹിക്കേണ്ട ഒരു സുപ്രധാന ഘടകമാണ് വർക്കിംഗ് ഗ്രൂപ്പുകൾ. 2021-22 കാലഘട്ടത്തിൽ സാമൂഹ്യ നീതി വർക്കിംഗ് ഗ്രൂപ്പ് രണ്ടു തവണയാണ് മീറ്റിംഗ് കൂടിയത്. പ്രോജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജി.ഒ.(എം.എസ്) 11/2018/ ത.സ്വ.ഭ.വ. തി. 29-01-2018 പ്രകാരം നൽകിയിട്ടുണ്ട്. ആയവ താഴെ ചേർക്കുന്നു.

എ) മേൽ ഉത്തരവ് 13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്.

ബി) 13.2 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്.

സി) 7.8.2.4 പ്രകാരം പോഷകാഹാര വിതരണം ഫലപ്രദമാണെന്ന് ഉറപ്പുവരുത്താൻ അങ്കണവാടി വെൽഫെയർ കമ്മറ്റി, നിരീക്ഷണ കമ്മറ്റി, ജനപ്രതിനിധികൾ എന്നിവരുടെ ഇടപെടൽ ഭരണസമിതി ഉറപ്പുവരുത്തേണ്ടതായിരുന്നു. കോവിഡ് കാലത്ത് അംഗൻവാടികൾ അടഞ്ഞുകിടന്ന കാലഘട്ടത്തിൽ അങ്കണവാടി പൂരക പോഷകാഹാരം പദ്ധതികളുടെ നടത്തിപ്പിൽ മേൽ പറഞ്ഞ നടപടികൾ തീർച്ചയായും സ്വീകരിക്കേണ്ടതായിരുന്നെങ്കിലും അപ്രകാരം പ്രവർത്തിക്കാതിരുന്നതിന് അഭിപ്രായവും വിശദീകരണവും നൽകേണ്ടതാണ് കൂടാതെ മേൽ ഖണ്ഡിക (എ),(ബി),(സി) എന്നിവയിൽ പറഞ്ഞ നടപടികളുടെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. മേൽ അപാകതകൾക്ക് ഉചിതമായ വിശദീകരണം നൽകുവാൻ ഓഡിറ്റ് എൻക്വയറി(നം.18/29.08.22)മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ അങ്കണവാടി വെൽഫെയർ കമ്മിറ്റിയുടെ അംഗീകാരമുള്ള ഗുണഭോക്താക്കൾക്കാണ് പോഷകാഹാരം വിതരണം നടത്തിയിട്ടുള്ളതെന്ന് അറിയിച്ചു. എന്നാൽ വെൽഫെയർ കമ്മിറ്റി കൂടിയതിന്റെ രേഖകൾ ഹാജരാക്കിയില്ല. പ്രസ്തുത കമ്മിറ്റിയുടെ മിനിട്സ് ബുക്ക് ഓഡിറ്റ് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

## 1-23 തെരുവ് വിളക്ക് പരിപാലനം-അപാകതകൾ

| | | |
|---|---|---|
| പ്രോജക്ട് | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ,99/22 | തെരുവ് വിളക്ക് പരിപാലനം,93/22 |
| അടങ്കൽ | 4,38,298 | 1,50,000 |
| ചെലവ് വിവരം | 4,38,298 | 1,20,000 |
| നിർവ്വഹണ സ്ഥാപനം,കരാറുകാരൻ | നിർമ്മൽ ലൈറ്റ്സ്, ഉദ്യോഗമണ്ഡൽ, ഏലൂർ | പ്രകാശ് ഇലക്ട്രിക്കൽസ്, ഉഴവൂർ,കോട്ടയം |
| നിർവ്വഹണം | സെക്രട്ടറി | |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ പട്ടിക III ലെ ക്രമ നമ്പർ 15 പ്രകാരം തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. ഇലഞ്ഞി ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ പരിപാലനത്തിലെ കാര്യക്ഷമത, വൈദ്യുതി ചാർജ്ജിനത്തിലും അറ്റകുറ്റപ്പണികൾക്കുമായി ചെലവഴിക്കേണ്ടി വരുന്ന തുകയിൽ കുറവു വരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ കൊടുക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. തെരുവ് വിളക്കുകളിലെ ബൾബുകളുടെ എണ്ണവും, തരവും അനുസരിച്ചുള്ള താരിഫ് റേറ്റിന്റെ അടിസ്ഥാനത്തിൽ 12 മണിക്കൂർ പ്രവർത്തിക്കുന്നു എന്ന നിഗമനത്തിലാണ് ഗ്രാമപഞ്ചായത്ത് വൈദ്യുതി ചാർജ്ജ് അടവാക്കി വരുന്നത്. തെരുവ് വിളക്കുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. തെരുവ് വിളക്കുകളുടെ തരം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

മേൽ പറഞ്ഞതു കൂടാതെ ഹൈമാസ്റ്റ് ബൾബുകൾക്ക് കൂടി വൈദ്യുതി ചാർജ് അടവാക്കുന്നുണ്ട്. നിലവിൽ ഓർഡിനറി ബൾബ്, സോഡിയം വേപ്പർ ലാമ്പ് എന്നിവ നിലവിലില്ല. എന്നിരുന്നാലും കെ.എസ്.ഇ.ബി ഡിമാന്റ് നോട്ടീസ് പ്രകാരം ഇത്തരം ബൾബുകൾക്ക് ഇപ്പോഴും വൈദ്യുതി ചാർജ് അടയ്ക്കുന്നുണ്ട്. 2021-22 വാർഷിക ധനകാര്യ പത്രിക പ്രകാരം തൻവർഷം 4,06,518/-രൂപ അടവാക്കിയിട്ടുണ്ട്.

തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ടുള്ള അപാകതകളും പരിഹാര നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

1) തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം കണ്ടെത്തുന്നതിനായി പഞ്ചായത്ത് അധികൃതരും, കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരും ചേർന്ന് പഞ്ചായത്തിന്റെ പ്രവർത്തന മേഖലയിലുള്ള പ്രവൃത്തനക്ഷമമായവയും, അല്ലാത്തവയുമായ തെരുവ് വിളക്കുകളുടെ കണക്കുകൾ സംയുക്ത പരിശോധനയിലൂടെ തിട്ടപ്പെടുത്തിയിട്ടില്ല. എല്ലാ തെരുവ് വിളക്കുകൾക്കും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

2) തെരുവ് വിളക്കുകൾ റിപ്പയറിംഗ് നടത്തിയതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ സി.എഫ്.എൽ ബൾബുകൾ മാറ്റി ഉപഭോഗം കുറഞ്ഞ എൽ.ഇ.ഡി ബൾബുകൾ സ്ഥാപിച്ചതായി കാണുന്നുണ്ട്. എന്നാൽ കെ.എസ്.ഇ.ബിയുടെ കണക്കിൽ നാളിതുവരെ സി.എഫ്.എൽ ബൾബുകൾക്ക് പകരം എൽ.ഇ.ഡി ബൾബുകൾക്കുള്ള നിരക്ക് നിശ്ചയിച്ച് ഡിമാന്റ് ചെയ്തിട്ടില്ല. തെരുവ് വിളക്കുകൾക്ക് എൽ.ഇ.ഡി. ബൾബുകൾ ഉപയോഗിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. എൽ.ഇ.ഡി. ലാമ്പുകൾ ആയുസ്സ് കൂടിയതും പരിസ്ഥിതിക്ക് ഹാനികരമല്ലാത്തതും ആയതിനാൽ ഇവ സ്ഥാപിക്കുന്നതിന് മുൻഗണന നൽകി വില്പനാനന്തര സേവന വ്യവസ്ഥകൾ ഉറപ്പാക്കി വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ച് ആവശ്യമായവ വാങ്ങാവുന്നതാണ്. തെരുവു വിളക്കുകളുടെ റിപ്പയറും പരിപാലനവും നടത്തുന്നതിനായി പുറപ്പെടുവിച്ച സർക്കുലർ നം.3055/ഡി.എ3/ 2011/തസ്വഭവ തിയതി 15.9.2011 ലെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

മേൽ അപാകതകൾ വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.19/29.08.22)മുഖേന ആവശ്യപ്പെട്ടതിന് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള എൽ.ഇ.ഡി ബൾബുകളുടെ നിരക്ക് നിശ്ചയിച്ച് തരുന്നതിന് കെ.എസ്.ഇ.ബി.യുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-24 ബിറ്റുമിൻ കാലി ബാരലിന്റ വിലയും ജി.എസ്.റ്റിയും ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കുന്നു

2021-22 വർഷത്തെ മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ, ടാറിംഗ് പ്രവൃത്തികളുടെ ഫൈനൽ ബിൽ തുകകൾ കോൺട്രാക്ടർക്ക് നൽകുമ്പോൾ, അതിൽ നിന്നും കാലി ബാരലിന്റെ വിലയും അതിന്റെ 18% ജി.എസ്.റ്റി തുകയും ഈടാക്കി ആയത് സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്നതായി കാണുന്നു. ഏത് ഫണ്ട് ഉപയോഗിച്ചാണോ വർക്ക് ചെയ്യുന്നത് അതേ ഫണ്ടിലേക്കാണ് പ്രസ്തുത തുക അടവാക്കേണ്ടതെന്നിരിക്കെ, അതിന് പകരം സെക്രട്ടറിയുടെ ട്രഷറി അക്കൗണ്ടിലേക്ക് തുകകൾ അടവാക്കുന്നതിന് കാരണമെന്തെന്ന് വിശദീകരിക്കേണ്ടതാണ്.

അതുപോലെ തന്നെ ഈയിനത്തിൽ സെക്രട്ടറിയുടെ ട്രഷറി അക്കൗണ്ടിൽ ലഭ്യമായിട്ടുള്ള തുകകൾ ഏത് വിധത്തിലാണ് വിനിയോഗിച്ചതെന്നും വിശദീകരിക്കേണ്ടതാണ്. വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 23/30-8-22) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-25 ജീവനക്കാരുടെ ആർജിതാവധി പണമാക്കി മാറ്റിയ നടപടി - സർക്കാർ ഉത്തരവിനു വിരുദ്ധം

2021-22 വർഷത്തെ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ പഞ്ചായത്ത് ജീവനക്കാർ താഴെ പറയുന്ന സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി ആർജിതാവധി പണമാക്കി മാറ്റിയിട്ടുണ്ട്. ഉത്തരവുകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

2020-21 സാമ്പത്തിക വർഷത്തിൽ, സർക്കാർ, അർദ്ധ-സർക്കാർ, സർവ്വകലാശാല, പൊതുമേഖല, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുൾപ്പെടെ മുഴുവൻ വിഭാഗം ജീവനക്കാരുടേയും ആർജിതാവധി പണമാക്കി മാറ്റുന്നതിനുള്ള (Periodical Surrender Of Earned Leave) അവകാശം അടുത്ത 3 മാസത്തേക്ക് മാറ്റി വെച്ചു കൊണ്ട്, GO (P) No.42/2020/Fin. Dated 16.04.2020, GO (P) No.43/2020/Fin. Dated 17.04.2020, എന്നിവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 16.04.2020 മുതൽ 3 മാസത്തേക്ക് ഈ അവകാശം മാറ്റിവെക്കുന്നു എന്നായിരുന്നു സർക്കാർ ഉത്തരവിൽ പറഞ്ഞിരുന്നത്. 27.04.2020-ലെ GO(P) No. 49/2020/Fin. പ്രകാരം താൽക്കാലിക ജീവനക്കാരെക്കൂടി മേൽ ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെടുത്തി.

1) 17.07.2020-ലെ GO(P) No. 94/2020/Fin നമ്പർ ഉത്തരവിലൂടെ മേൽ പറഞ്ഞ ഖണ്ഡികയിലെ ഉത്തരവ് പ്രകാരമുള്ള കാലാവധി 15.09.2020 വരെ വീണ്ടും ദീർഘിപ്പിച്ച് ഉത്തരവായിരുന്നു.

2) മേൽ പറഞ്ഞ രണ്ട് ഉത്തരവുകളിലൂടെ മാറ്റി വെയ്ക്കപ്പെട്ട ആർജിതാവധി സറണ്ടർ ആനുകൂല്യം, സറണ്ടർ തുക പി.എഫിൽ ലയിപ്പിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ 2020 നവമ്പർ മാസം മുതൽ അനുവദിക്കുന്നതാണെന്നും, ഇപ്രകാരം ലയിപ്പിക്കുന്ന തുക 2021 ജൂൺ 1 മുതൽ മാത്രമേ അനുവദിക്കുകയുള്ളൂ എന്നും 05.11.2020-ലെ സ.ഉ.(അ) നം. 152/2020/ധന. ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു.

3) എന്നാൽ, ആർജിതാവധി സറണ്ടർ ആനുകൂല്യം പണമാക്കി മാറ്റാനുള്ള അവകാശം 01.06.2021 മുതൽ 6 മാസത്തേക്കു കൂടി മാറ്റിവെച്ചു കൊണ്ട് വീണ്ടും GO(P) No. 104/2021/ Fin. Dated 26/07/2021 നമ്പർ പ്രകാരം സർക്കാർ ഉത്തരവിട്ടിട്ടുണ്ട്.

4) നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം, 2020-21 സാമ്പത്തിക വർഷത്തിൽ പണമാക്കി മാറ്റുന്നതിനുള്ള ആർജിതാവധി സറണ്ടർ ആനുകൂല്യം 01.06.2021 മുതൽ 6 മാസത്തേക്കു കൂടി മാറ്റി വെക്കപ്പെട്ടിട്ടുണ്ടെന്നിരിക്കെയും സർക്കാർ ഉത്തരവിനു വിരുദ്ധമായി താഴെ പറയുന്ന 10ജീവനക്കാർ അവരുടെ 30 ദിവസത്തെ ആർജിതാവധി പണമാക്കി കൈപ്പറ്റിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര് | തസ്തിക | കൈപ്പറ്റിയതുക | വൗച്ചർനം&തീയതി |
|---|---|---|---|---|
| 1 | ബിന്ദു .ആർ. | സെക്രട്ടറി | 83694/- | 22100151 /8.6.21 |
| 2 | ബിനി പി. | അസി.സെക്രട്ടറി | 59824/- | 22100141 /1.6.21 |
| 3 | അനിൽകുമാർഎം.ആർ | ഹെഡ്.ക്ളാർക്ക് | 57054/- | -ടി |
| 4 | രാജേഷ് എം.എസ്. | അക്കൗണ്ടന്റ് | 55722/- | -ടി |
| 5 | ശ്രീല്ല.റ്റി | സീനി.ക്ളാർക്ക് | 49395/- | -ടി |
| 6 | അപ്പുക്കുട്ടൻ എൻ.ഡി | ടി | 49395/- | -ടി |
| 7 | സോണി എസ്.നായർ | ക്ളാർക്ക് | 38517/- | -ടി |
| 8 | ശരണ്യാ കെ.എസ്. | -ടി | 37518/- | -ടി |
| 9 | റെജികുമാർ റ്റി.വി. | -ടി | 35520/- | -ടി |
| 10 | നീനു ആർ. | -ടി | 30304/- | -ടി |
| | | ആകെ | 496943/- | |

മേൽ പറഞ്ഞ പ്രകാരം സർക്കാർ ഉത്തരവിനു വിരുദ്ധമായി ആർജിതാവധി പണമാക്കി മാറ്റി 496943/-രൂപ ജീവനക്കാർ കൈപ്പറ്റിയിട്ടുണ്ട്. 2021-22-ലെ ആർജിതാവധി പണമാക്കി മാറ്റിയത് സർക്കാർ ഉത്തരവില്ലാതെയാണെന്ന് കാണുന്നു. സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക കൈപ്പറ്റിയതിന് വിശദീകരണം നൽകേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.25/30.08.22)മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി ആർജ്ജിതാവധി പണമാക്കി നൽകിയതിന് സാധൂകരണം ലഭ്യമാക്കേണ്ടതാണ്. ആയത് ലഭ്യമാകുന്നതിന് വിധേയമായി ചെലവ് തുകയായ 496943/-രൂപ തടസ്സപ്പെടുത്തുന്നു.

1-26 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-സർക്കാർ വിഭാവനം ചെയ്യുന്ന നിരക്കിൽ ധനസഹായം നൽകുന്നില്ല

സർക്കാർ വിഭാവനം ചെയ്യുന്ന സബ്സിഡി/ധനസഹായം പൂർണ്ണമായ തോതിൽ നൽകാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1) ക്ഷീര കർഷകർക്ക് സബ്സിഡി.

പ്രൊജക്ട് നം : എസ്.ഒ 36/22

അടങ്കൽ: 400000/-+(വികസന ഫണ്ട്),288671/-+(ബ്ലോക്ക് വിഹിതം), 69350/- (ജില്ലാ പഞ്ചായത്ത് വിഹിതം)=758021/-രൂപ.
ചെലവഴിച്ച തുക :758021/-രൂപ

കുളങ്ങരപ്പടി ക്ഷീരോത്പാദക സഹകരണ സംഘം,ഇലഞ്ഞി ക്ഷീരോത്പാദക സഹകരണ സംഘം,പെരുമ്പടവം ക്ഷീരോത്പാദക സഹകരണ സംഘം,മട്ടക്ക ക്ഷീരോത്പാദക സഹകരണ സംഘം,ജോസ്ഗിരി ക്ഷീരോത്പാദക സഹകരണ സംഘം,മുത്തോലപുരം ക്ഷീരോത്പാദക സഹകരണ സംഘം എന്നീ 6 ക്ഷീരസംഘങ്ങളിലെ ക്ഷീരകർഷകർക്കാണ് സബ്സിഡി നൽകിയിരിക്കുന്നത്. 6സംഘങ്ങൾക്കും 2017ഏപ്രിൽ മുതൽ ആഗസ്റ്റ് മാസം വരെയുള്ള 5മാസകാലയളവ് കണക്കാക്കിയാണ് തുക നൽകിയിരിക്കുന്നത്. പാലിന് ലിറ്ററിന് 3 രൂപ എന്ന കണക്കിൽ സബ്സിഡി ആദ്യ 2 മാസങ്ങളിലും പിന്നീടുള്ള മാസങ്ങളിൽ 2.19 രൂപയുമാണ് നൽകിയിരിക്കുന്നത്. ഒരു സാമ്പത്തിക വർഷം ക്ഷീരോത്പാദക സഹകരണ സംഘത്തിൽ നൽകുന്ന പാലളവിന് ലിറ്ററിന് 3 രൂപ എന്ന കണക്കിൽ സബ്സിഡി നൽകണമെന്നിരിക്കെ കുറഞ്ഞ തുകയാണ് അതും കുറച്ച് കാലയളവിൽ മാത്രം സബ്സിഡിയായി ക്ഷീര കർഷകർക്ക് ലഭിച്ചിട്ടുള്ളത്.
മൃഗസംരക്ഷണവും ക്ഷീര വികസനവും എന്ന വർക്കിംഗ് ഗ്രൂപ്പാണ് പ്രസ്തുത പദ്ധതി മോണിട്ടർ ചെയ്യേണ്ടത്. മേൽ വർക്കിംഗ് ഗ്രൂപ്പ് ഇത്തരത്തിലുള്ള മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല. ചെലവ് അധികമായതിനാൽ ക്ഷീര കർഷകർക്ക് ഒരു സഹായം എന്ന നിലയിലാണ് ഇത്തരത്തിലുള്ള സബ്സിഡി നൽകുന്നത്. 3 രൂപയും ഡയറി ഡിപ്പാർട്ട്മെന്റ് നേരിട്ട് നൽകുന്ന ഒരു രൂപയും അടക്കം 4 രൂപയാണ് ആകെ സബ്സിഡി. വരും വർഷങ്ങളിൽ മുൻ വർഷത്തെ യഥാർത്ഥ വാർഷിക ഉത്പാദനം കണക്കിലെടുത്ത് മതിയായ തുക ക്ഷീര കർഷകർക്ക് ലഭ്യമാക്കി പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം നിറവേറ്റാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-27 ജൈവ വളം വിതരണം ചെയ്തതിലെ അപാകതകൾ

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ വിവിധ പ്രോജക്ടുകൾ പ്രകാരം ഇലഞ്ഞി സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിന്റെ വിൽപ്പന കേന്ദ്രത്തിൽ നിന്നും ജൈവവളം(കിലോഗ്രാമിന് 29 രൂപ നിരക്കിൽ) വാങ്ങിയതിന്റെ ബില്ലുകൾ ഹാജരാക്കിയ ഗുണഭോക്താക്കൾക്ക് 75% സബ്സിഡി അനുവദിച്ചിട്ടുണ്ട്. എന്നാൽ സഹകരണ ബാങ്ക് മുഖേന ജൈവവളം വാങ്ങിയ കർഷകർക്ക് സബ്സിഡി അനുവദിച്ചതിന് സർക്കാർ അനുമതി ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ വിശദാംശം | ജൈവവളം വാങ്ങിയതിന് സബ്സിഡിയായി അനുവദിച്ച തുക |
|---|---|
| സമഗ്ര വാഴ കൃഷി വികസനം, 74/22 | 1,70,400 |
| സമഗ്ര ജാതി കൃഷി വികസനം, 72/22 | 2,90,819 |
| സമഗ്ര തെങ്ങ് കൃഷി വികസനം, 79/22 | 3,98,777 |
| സമഗ്ര പുരയിട കൃഷി വികസനം, 132/22 | 36,070 |
| സമഗ്ര കുരുമുളക് കൃഷി വികസനം(വനിത), 80/22 | 79,892 |
| സമഗ്ര കിഴങ്ങ് വർഗ്ഗ വിള വികസനം, 85/22 | 69,012 |

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 30.07.2018-ലെ ഡി.എ1/553/2018 നമ്പർ സർക്കുലർ പ്രകാരം കൃഷി ആവശ്യത്തിന് രാസവളങ്ങൾ സഹകരണ സംഘങ്ങളിൽ നിന്നും വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ജൈവവളം സഹകരണ സംഘങ്ങളിൽ നിന്നും വാങ്ങുന്നതിന് കോ-ഓർഡിനേഷൻ കമ്മിറ്റി അനുമതി നിരസിച്ചിരുന്നു(05.02.2019-ലെ 4-34 നമ്പർ തീരുമാനം). പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ/14.02.2018) പ്രകാരം കാർഷിക കർമ്മസേനകൾ, കർഷക ഗ്രൂപ്പുകൾ, കുടുംബശ്രീ യൂണിറ്റുകൾ തുടങ്ങിയവർ പ്രദേശികമായി

ഉത്പാദിപ്പിക്കുന്ന ജൈവവളങ്ങൾ, സഹകരണ സ്ഥാപനങ്ങൾ നേരിട്ട് ഉത്പാദിപ്പിക്കുന്നവ എന്നിവ കൃഷി ഓഫീസർ കൺവീനറായ പർച്ചേസ് കമ്മിറ്റിയുടെ അനുമതിയോടെ കൃഷിക്കാർ വാങ്ങി ഉപയോഗിക്കുന്നതിന് സബ്സിഡി അനുവദിക്കുവാൻ നിർദ്ദേശിച്ചിരുന്നു. ഇത്തരത്തിൽ ലഭ്യമല്ലാത്ത സംഗതിയിൽ ലോക്കൽ പർച്ചേസിംഗ് നടത്താവുന്നതും ഇപ്രകാരം ചെയ്യുമ്പോൾ കേരളത്തിൽ ഉത്പാദിപ്പിക്കുന്നതും കൃഷി വകുപ്പ്, ശുചിത്വ മിഷൻ എന്നിവ സാക്ഷ്യപ്പെടുത്തുന്നതുമായ ജൈവവളങ്ങൾ വാങ്ങുന്നതിനുമാണ് നിർദ്ദേശിച്ചിരിക്കുന്നത്. എന്നാൽ പ്രോജക്ട് നിർവ്വഹണത്തിൽ ഈ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

വളത്തിന്റെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കേണ്ടതാണെന്നും, നൽകേണ്ട സബ്സിഡിയുടെ പരമാവധി തുക ഗ്രാമപഞ്ചായത്ത് തീരുമാനിക്കേണ്ടതാണെന്നും മേൽ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ വില എങ്ങനെ നിർണയിച്ചു എന്ന് വ്യക്തമല്ല. ഇത്തരം വളങ്ങളുടെ വില ജില്ലാതലത്തിൽ നിർണയിച്ചുനൽകണമെന്ന് പദ്ധതി മാർഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ടെങ്കിലും ആയത് ലഭ്യമല്ലാത്തതിനാൽ സർക്കാർ മാർഗ നിർദ്ദേശം പാലിച്ചോ എന്ന് വ്യക്തമല്ല.

മേൽ അപാകതകൾ വിശദീകരിക്കുന്നതിന് ഓഡിറ്റ് എൻക്വയറി(നം.21/30.08.22) മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. സഹകരണ ബാങ്കുകൾ/സംഘങ്ങളിൽ നിന്നും ജൈവ വളം വാങ്ങുന്നത് സംബന്ധിച്ച് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. കൂടാതെ സർക്കാർ മാർഗ നിർദ്ദേശ പ്രകാരം പ്രോജക്ടുകൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല(ഐ.കെ.എം)

സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളിൽ താഴെപ്പറയും പ്രകാരം ഐ.കെ.എം ന് തുക കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പിലായതിന്റെ പൂർത്തീകരണ സാക്ഷ്യപത്രമോ, നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രമോ ഫയലിൽ ലഭ്യമല്ല. വിശദാംശം താഴെ കൊടുക്കുന്നു.

| തുക കൈപ്പറ്റിയ സ്ഥാപനം | പ്രൊജക്ട് | അടങ്കൽ | മുൻകൂർ നൽകിയ തുക | ബിൽ നമ്പർ/ തീയതി |
|---|---|---|---|---|
| ഐ കെ എം | ഐ കെ എം വിഹിതം നൽകൽ, 25/22 | 42,970/- (വികസന ഫണ്ട് -സാധാരണ വിഹിതം) | 42970/- | 25/25.07.2021 |

മേൽ അപാകത വിശദീകരിക്കുന്നതിന് ഓഡിറ്റ് എൻക്വയറി(നം.12/28.08.22)മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതു വരെ 42970/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-28-1 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല(ജില്ലാ പഞ്ചായത്ത്)

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതി നടപ്പിലായതിന്റെ പൂർത്തീകരണ സാക്ഷ്യപത്രമോ, നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രമോ ഫയലിൽ ലഭ്യമല്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| തുക കൈപ്പറ്റിയ സ്ഥാപനം | പ്രൊജക്ട് | അടങ്കൽ | മുൻകൂർ നൽകിയ തുക | ബിൽ നമ്പർ/ തീയതി |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | സ്ട്രെങ്ങ്തനിംഗ് ഓഫ് ഏർലി ഇൻവെൻഷൻ സെന്റർ – ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ, 163/22 | 20,000/- (വികസന ഫണ്ട് -സാധാരണ വിഹിതം) | 20,000/- | 138/19.11.2021 |

മേൽ അപാകത വിശദീകരിക്കുന്നതിന് ഓഡിറ്റ് എൻക്വയറി(നം.12/28.08.22)മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതു വരെ 20,000/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

.

### 1-28-2 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല(ജില്ലാ പഞ്ചായത്ത്)

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതി നടപ്പിലായതിന്റെ പൂർത്തീകരണ സാക്ഷ്യപത്രമോ, നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രമോ ഫയലിൽ ലഭ്യമല്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| തുക കൈപ്പറ്റിയ സ്ഥാപനം | പ്രൊജക്റ്റ് | അടങ്കൽ | മുൻകൂർ നൽകിയ തുക | ബിൽ നമ്പർ/ തീയതി |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | കുട്ടികൾക്കായുള്ള ജില്ലാവെബ്പോർട്ടൽ, 162/22 | 12500/- (വികസന ഫണ്ട് - സാധാരണ വിഹിതം) | 12500/- | 294/ 07.03.2022 |

മേൽ അപാകത വിശദീകരിക്കുന്നതിന് ഓഡിറ്റ് എൻക്വയറി(നം.12/28.08.22)മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതു വരെ 12,500/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

.

### 1-28-3 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല(കേരളാ വാട്ടർ അതോറിട്ടി)

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതി നടപ്പിലായതിന്റെ പൂർത്തീകരണ സാക്ഷ്യപത്രമോ, നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രമോ ഫയലിൽ ലഭ്യമല്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| തുക കൈപ്പറ്റിയ സ്ഥാപനം | പ്രൊജക്റ്റ് | അടങ്കൽ | മുൻകൂർ നൽകിയ തുക | ബിൽ നമ്പർ/ തീയതി |
|---|---|---|---|---|
| കേരളാ വാട്ടർ അതോറിട്ടി,മൂവാറ്റുപുഴ | പള്ളത്തുകുഴി സെഹിയോൻ കുന്ന് ഭാഗം പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, 152/22 | 50000/- (ധനകാര്യ കമ്മീഷൻ അവാർഡ്) | 50000/- | 374/ 26.03.22 |

മേൽ അപാകത വിശദീകരിക്കുന്നതിന് ഓഡിറ്റ് എൻക്വയറി(നം.12/28.08.22)മുഖേന ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതു വരെ 50,000/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|

| | |
|---|---|
| 2021-22 | 2021-22 വാർഷിക ഓഡിറ്റിന്റെ ഭാഗമായിത്തന്നെയാണ് കണക്കുകൾ പരിശോധിച്ചിട്ടുള്ളത്. |

## 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്, 58/22 | 300000 | 0 |
| | 2021-22 | 288671 | ക്ഷീര സംഘങ്ങൾക്ക് പാലിന് സബ്സിഡി,36/22 | 288671 | 0 |
| | 2019-20 | 583147 | ലൈഫ് പദ്ധതി എസ്.സി (SO),83/22 | 468659 | 114488 |
| | 2018-19 | 145888 | ഖരമാലിന്യ പരിപാലനം | 84000 | 61888 |
| | ആകെ | 1317706 | | 1141330 | 176376 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 69350 | ക്ഷീര സംഘങ്ങൾക്ക് പാലിന് സബ്സിഡി, 36/22 | 69350 | 0 |
| | | 360000 | ലൈഫ് പദ്ധതി എസ്.സി, 83/22 | 360000 | 0 |
| | | 144100 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്, 58/22 | 144100 | 0 |
| | | 100000 | നെൽക്കൃഷി വികസനം, 88/22 | 100000 | 0 |
| | 2013-14 | 153925 | ബയോഗ്യാസ്പ്ലാന്റ്, 102/14 | 0 | 153925 |
| | ആകെ | 827375 | | 673450 | 153925 |

ബയോഗ്യാസ് പ്ലാന്റ് പദ്ധതിയ്ക്കായി ലഭ്യമായ 153925/-രൂപ 2015-16 മുതൽ ബാധ്യതയായി നിലനിൽക്കുകയാണ്. ചെലവഴിക്കാനാകുന്നില്ലെങ്കിൽ ജില്ല പഞ്ചായത്തിലേയ്ക്ക് ടി തുക തിരിച്ചടവാക്കേണ്ടതാണ്.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി | പള്ളത്തുകുഴി സെഫിയോൻകുന്ന് ഭാഗം പൈപ്പ് ലൈൻ | 22101177/27.03.22 | 50000 | 0 | 50000 |

| | | | | | |
|---|---|---|---|---|---|
| | ദീർഘിപ്പിക്കൽ, 152/22(N) | | | | |
| കെ.എസ്.ഇ.ബി | കുരുമല ടൂറിസം കേന്ദ്രം- വൈദ്യുതീകരണം 167/22 (N) | 1)379/28.03.22-19594/- 2)380/28.03.22- 6714/- | 26308 | 0 | 26308 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവിന്റെ വിവരം

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | തൻ വർഷം ലഭിച്ചത് | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ലോൺ | 17/2018 /ധന തീയതി 06.03.2018 | 740000 | 1180992 | 1920992 | 440000* | 0 | 1480992 |

* Go Project

1) 168/22- 220000/-രൂപ, ലൈഫ് വായ്പ ജനറൽ

2) 190/22- 220000/-രൂപ, ലൈഫ് വായ്പ ജനറൽ

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 1151138 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 64031 |
| ആകെ | 1215169 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1215169 |

2021-22 വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം, |
|---|---|---|
| കേരള ഗ്രാമീൺ ബാങ്ക്, ഇലഞ്ഞി | 1215169 | 454376/21.03.2022 |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 17,975/- രൂപ ഈടാക്കിയിട്ടുണ്ട്.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2019-20 | 1-15 | 1500 | ജോജിഷ് ജോസ്, വടക്കേമൂലയിൽ | 121020100605/ 11.08.21 |
| 2016-17 | 2-2 | 1464 | പി.എം.ഭാസ്കരൻ, പുത്തൻപുരയിൽ | 121020101532/ 22.11.21 |
| 2016-17 | 2-2 | 3538 | രാജു മാത്യു, പിരിപ്പാമറ്റത്തിൽ | 121020101741/ 01.12.21 |
| 2019-20 | 7 | 75 | കെ.കെ.രവി, ബിന്ദു ഭവൻ | 121020100012/ 09.04.21 |
| " | 7 | 75 | സിജോ ജോൺ, വാനിലം | 121020100090/ 20.04.21 |
| " | 7 | 2500 | എൻ.ജെ.ജയിംസ് നീരക്കാൽ | 121020100133/ 23.04.21 |
| " | 7 | 2500 | എൻ.ജെ.ജയിംസ് നീരക്കാൽ | 121020100134/ 23.04.21 |
| " | 7 | 250 | ദീപുമോൻ.ടി.ജി തട്ടാൻ പറമ്പിൽ | 121020100158/ 29.04.21 |
| " | 7 | 125 | പി.സി.തങ്കച്ചൻ | 121020100172/ 03.05.21 |
| " | 7 | 125 | എം.ജെ.തോമസ് മടപ്പിള്ളിൽ | 121020100176/ 03.05.21 |
| " | 7 | 250 | പൈലി ദേവസ്യ ഒറാവച്ചലിൽ | 121020100227/ 09.06.21 |
| " | 7 | 250 | ജോമി ജോസഫ് പറാക്കൽ | 121020100518/ 02.08.21 |
| " | 7 | 250 | ഡൊമിനിക്ക്. കെ.എം കുവപ്പാറയിൽ | 121020100531/ 04.08.21 |
| " | 7 | 75 | ബൈജു പി, പുത്തൻപുരയിൽ | 121020101116/ 25.10.21 |
| " | 1-13-2 | 4998 | എ.സി.രാജൻ | 121020100776/ 10.09.21 |
| | ആകെ | 17,975 | | |

.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2019-20 | 1-26 | 2020-21 | 1-2 | മഴക്കാല പൂർവ ശുചീകരണം-രേഖകൾ ലഭ്യമല്ല | മെഡിക്കൽ ഓഫീസർ നൽകിയ മറുപടി പഞ്ചായത്ത് കമ്മിറ്റിയിൽ ചർച്ച |

| | | | | | |
|---|---|---|---|---|---|
| | | | | | ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുന്നതാണ് |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 51338950.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 47912121.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 852651.00 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം
ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 10220 | ഡോ. മോഹൻദാസ്.കെ.എം<br>മെഡിക്കൽ ഓഫീസർ , പി.എച്ച്.സി |
| 1-14 | 20018 | ഡോ.മോഹൻദാസ്.കെ.എം<br>മെഡിക്കൽ ഓഫീസർ , പി.എച്ച്.സി |
| 1-15 | 200000 | ഡോ. സുമയ്യ.കെ.എം<br>മെഡിക്കൽ ഓഫീസർ , ഹോമിയോ |
| 1-25 | 496943 | ശ്രീമതി ബിന്ദു.ആർ<br>സെക്രട്ടറി,ഇലഞ്ഞി ഗ്രാമപഞ്ചായത്ത് |
| 1-28 | 42970 | ശ്രീമതി ബിന്ദു.ആർ<br>സെക്രട്ടറി,ഇലഞ്ഞി ഗ്രാമപഞ്ചായത്ത് |
| 1-28-1 | 20000 | ശ്രീമതി ബിന്ദു.ആർ<br>സെക്രട്ടറി,ഇലഞ്ഞി ഗ്രാമപഞ്ചായത്ത് |
| 1-28-2 | 15000 | ശ്രീമതി ബിന്ദു.ആർ<br>സെക്രട്ടറി,ഇലഞ്ഞി ഗ്രാമപഞ്ചായത്ത് |
| 1-28-3 | 50000 | ശ്രീമതി ബിന്ദു.ആർ<br>സെക്രട്ടറി,ഇലഞ്ഞി ഗ്രാമപഞ്ചായത്ത് |
| ആകെ | 852651 | |

സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല.

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക | സ്ഥിരം മേൽവിലാസം |
|---|---|---|

| | മേൽവിലാസം | |
|---|---|---|
| ശ്രീമതി ബിന്ദു.ആർ<br>സെക്രട്ടറി | സെക്രട്ടറി<br>ഇലഞ്ഞി ഗ്രാമപഞ്ചായത്ത് | പൂർണശ്രീ ,<br>പുലിയന്നൂർ,<br>പാലാ, കോട്ടയം |
| ഡോ.മോഹൻദാസ്.കെ.എം<br>മെഡിക്കൽ ഓഫീസർ ,<br>പി.എച്ച്.സി | മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി, ഇലഞ്ഞി | കൃഷ്ണ കടാക്ഷം<br>പാഴൂർ.പി.ഒ<br>എറണാകുളം |
| ഡോ. സുമയ്യ.കെ.എം<br>മെഡിക്കൽ ഓഫീസർ ,<br>ഹോമിയോ | മെഡിക്കൽ ഓഫീസർ ,<br>ഗവ.ഹോമിയോ<br>ഡിസ്പെൻസറി<br>ഇലഞ്ഞി | ഐക്കനാട്ട്<br>മുളന്തുരുത്തി.പി.ഒ<br>എറണാകുളം |

.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവ ശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം |
|---|---|---|---|
| 1988-99 | 48,58 | കെ.എസ്.എ.ഇ.കെ.എം പി9/503(i) /2018/ 3.5.18 | 2 |
| 2006-07 | 2-2,3-1ബി,3-5-2,<br>3-10,3-14,<br>3-15,3-16,3-18,3-19 | കെ.എസ്.എ.ഇ.കെ.എം പി9/503(ii) /2018/3.5.18 | 9 |
| 2008-09 | 2-2,3-1,3-2,<br>3-3,3-4,<br>3-6,3-7,<br>3-10,3-13,<br>3-14-1, 3-15(എ),<br>3-20(1),(2) | എൽ.എഫ്.ഇ<br>പി9/669/10/29.10.2011 | 13 |
| 2009-10&<br>10-11 | 2-1,2-2,2-4,3-1,<br>3-2,3-3,<br>3-4,3-6,3-7,3-8,<br>3-9,3-11,<br>3-12,3-14,3-15 | കെ.എസ്.എ.ഇ.കെ.എം പി9/503(iii) /2018/5.7.18 | 15 |
| 2011-12 | 2-5,3-5,3-7 | കെ.എസ്.എ.ഇ.കെ.എം പി9/503(iv /2018/ 3.5.18 | 3 |
| 2012-13 | 2-2,3-1,3-2,<br>3-6,3-8 | കെ.എസ്.എ.ഇ.കെ.എം പി9/503(v) /2018/5.7.18 | 5 |
| 2013-14<br>&2014-15 | 2-1,2-2,3-6, 3-7,<br>3-8,3-9 | കെ.എസ്.എ.ഇ.കെ.എം പി9/2150 /2017/30.7.18 | 6 |
| 2015-16 | 2-4,3-4,3-5,<br>3-6 | കെ.എസ്.എ.ഇ.കെ.എം പി9/2227 /16/12.1.17 | 4 |
| 2016-17 | 2-1, 2-2, 2-3,2-5 | കെ.എസ്.എ.ഇ.കെ.എം<br>പിജി/1071/2020 | 4 |
| 2017-18 | 2-4-1, 2-4-3,<br>2-4-4, 3-6, 3-10 | കെ.എസ്.എ.ഇ.കെ.എം<br>പിജി/1071/2020 | 5 |
| 2018-19 | 1-15,1-18,1-20,4-8 | കെ.എസ്.എ.ഇ.കെ.എം<br>പി9/509/20/ 14.9.2020 | 4 |
| 2019-20 | 1-17,1-18-1,<br>2-1,3-1,3-2 | കെ.എസ്.എ.ഇ.കെ.എം<br>പി9/509/20/ 14.9.2020 | 5 |
| 2020-21 | | കെ.എസ്.എ.ഇ.കെ.എം<br>പി9/1063/22/ 08.08.2022 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്